# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

സ്വാശ്രയ സ്ഥാപനങ്ങൾ - സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ - ബി.പി.റ്റി കോഴ്സ് (2013 അഡ്മിഷൻ ബാച്ച്) - 4-ാം വർഷ പരീക്ഷ എഴുതുന്നതിന് നിബന്ധനയോടു കൂടിയ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ5 വിഭാഗം**

സ.ഉ.നം. 6482/എസി.എ5/1/ബി.പി.റ്റി/2017/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി: 01.11.2017

---

പരാമർശം:- 1) 11.01.2017-ലെ സർവ്വകലാശാല ഉത്തരവ് നം.254/എസ്.എഫ്.3/2017/ഭ.വി.

2) 11.10.2017-ന് ലഭിച്ച എസ്.എം.ഇ-യിലെ 2013 അഡ്മിഷൻ ബാച്ച് ബി.പി.റ്റി വിദ്യാർത്ഥിക ളുടെ നിവേദനം.

## ഉത്തരവ്

പരാമർശം (2) പ്രകാരം, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ ഗാന്ധിനഗറിലെയും, അങ്കമാലിയിലേയും 2013 അഡ്മിഷൻ ബാച്ച് ബി.പി.റ്റി വിദ്യാർത്ഥികൾ മുൻ വർഷങ്ങളിലെ പരീക്ഷ പാസ്സാകാതെ തന്നെ 4-ാം വർഷ പരീക്ഷ എഴുതുന്നതിനുള്ള അനുമതി നൽകണമെന്ന് അപേക്ഷി ച്ചിരുന്നു.

സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ 2012 അഡ്മിഷൻ ബാച്ച് ബി.പി.റ്റി വിദ്യാർത്ഥി കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം ഒന്ന്, രണ്ട്,മൂന്ന് എന്നീ വർഷ ങ്ങളിലെ പരീക്ഷകൾ പാസാകാത്ത അവസാന വർഷ ബി.പി.റ്റി വിദ്യാർത്ഥികൾക്ക് താൽക്കാലികമായി നാലാം വർഷ പരീക്ഷ എഴുതുന്നതിനുള്ള അനുമതി നൽകിയിരുന്നു. ടി പരീക്ഷയുടെ ക്രമീകരണം രണ്ടാം വർഷ ബി.പി.റ്റി. സപ്ലിമെന്ററി പരീക്ഷാ ഫലത്തിന്റെ അടിസ്ഥാനത്തിലും ഒന്ന്, രണ്ട്,മൂന്ന് എന്നീ വർഷങ്ങളിലെ ബി.പി.റ്റി.യുടെ എല്ലാ പരീക്ഷകളും പാസ്സാകുന്നതിന്റെ അടിസ്ഥാനത്തിലും മാത്രമായിരിക്കുമെന്ന നിബന്ധനയോടു കൂടിയാണ് അനുമതി നൽകിയിരിക്കുന്നത്.

പരാമർശം (1) പ്രകാരം നൽകിയ അനുമതി 2013 അഡ്മിഷൻ ബാച്ച് ബി.പി.റ്റി. വിദ്യാർത്ഥി കൾക്കു കൂടി ബാധകമാക്കണമെന്നാണ് പരാമർശം (2) പ്രകാരം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിട്ടുള്ളത്.

മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരമുള്ള സവി ശേഷാധികാരം ഉപയോഗിച്ചുകൊണ്ട് മുൻ വർഷങ്ങളിൽ നൽകിയതുപോലെയുള്ള ഇളവ് 2013 അഡ്മി ഷൻ ബാച്ചിലെ ബി.പി.റ്റി. വിദ്യാർത്ഥികൾക്ക് നൽകിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവാ യിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ദിലീപ് കുമാർ ആർ**
**അസിസ്റ്റന്റ് രജിസ്ട്രാർ III(അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്.

1. ഡയറക്ടർ , എസ്.എം.ഇ., C.P.A.S.
2. റീജിയണൽ ഡയറക്ടർ, എസ്.എം.ഇ., ഗാന്ധിനഗർ, അങ്കമാലി
3. വൈസ് ചാൻസലറുടെ/പ്രോ-വൈസ് ചാൻസലറുടെ പി.എസ്.
4. രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
5. ജോയിന്റ് രജിസ്ട്രാർ II(ഭരണവിഭാഗം)/ ജോയിന്റ് രജിസ്ട്രാർ IV (പരീക്ഷാവിഭാഗം)
6. ഇ.ഐ VIII/ഇ.ബി.V
7. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/റെക്കോർഡ്സ് വിഭാഗം
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

File No. EA I | 1 | Misc | 15